| ക്ലാസ് : 4 | യൂണിറ്റ് 4 – രസിതം | മൊഡ്യൂൾ 9. | ആരു പഠിപ്പിക്കും? |
|---|---|---|---|

| | |
|---|---|
| **ആമുഖം** | എല്ലാമറിയുന്നവനും ഒന്നുമറിയാത്തവനുമായി ഭൂമിയിൽ ആരുമില്ലെന്നും പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ടെന്നും ബീർബൽ കഥ നമുക്ക് കാണിച്ചുതരുന്നു. |
| **ആശയം** | പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നു. |
| **പഠനനേട്ടങ്ങൾ** | കഥയെ നാടകമാക്കി അവതരിപ്പിക്കുന്നു. ബീർബൽ കഥ വായിച്ച് താരതമ്യക്കുറിപ്പ് തയ്യാറാക്കുന്നു.<br>ഉത്തമ – മധ്യമ – പ്രഥമ പുരുഷ സർവനാമങ്ങൾ തിരിച്ചറിഞ്ഞ് പ്രയോഗിക്കുന്നു. പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവി സ്നേഹം വളർത്തുന്നു. |
| **വ്യവഹാര രൂപം** | കഥയെ നാടകമാക്കൽ, വിളംബരം തയ്യാറാക്കൽ, താരതമ്യക്കുറിപ്പ്, വായനക്കുറിപ്പ്/ ആസ്വാദനം |
| **പ്രവർത്തനങ്ങൾ** | 1. വായനയിലേക്ക്, 2. ആശയഗ്രഹണ ചോദ്യങ്ങൾ, 3. വിശകലന ചോദ്യങ്ങൾ, 4. ഭാവാത്മക വായന, 5. എന്തൊക്കെ പഠിപ്പിക്കും, 6. വായിക്കാം എഴുതാം, 7. നാടകമാക്കാം അഭിനയിക്കാം, 8. വാക്യങ്ങൾ കണ്ടെത്താം, 9. വിളംബരം തയ്യാറാക്കാം, 10. എഡിറ്റിംഗ്, 11. വായിക്കാം കണ്ടെത്താം, 12. താരതമ്യം ചെയ്യാം, 13. എഡിറ്റിംഗ് |
| **സാമഗ്രികൾ** | വിശകലന ചോദ്യച്ചാർട്ട്, ബീർബൽ കഥകൾ – അനിമേഷൻ സി.ഡി., പദങ്ങൾ കണ്ടെത്താം – ചാർട്ട്, ടീച്ചർ വേർഷൻ, വായനാസാമഗ്രികൾ, ബീർബൽ കഥ, താരതമ്യക്കുറിപ്പ്, വർക്ക്ഷീറ്റ്. |
| **സമയം** | 6 മണിക്കൂർ |
| **വർക്ക് ഷീറ്റ്** | നാടകാവതരണം, വിലയിരുത്തൽ ഫോർമാറ്റ് |
| **വായനാ സാമഗ്രി** | സ്വപ്നത്തിലെ കടം, താരതമ്യക്കുറിപ്പ്, വായനാക്കുറിപ്പ് |
| **ഉല്പന്നങ്ങൾ** | വിളംബരം, ആസ്വാദന/ താരതമ്യക്കുറിപ്പ്, നാടകം |
| **സർഗവേള** | കഥപറയൽ, പ്രദർശനം, നാടകാവതരണം |
| **സി.പി.ടി.എ.** | വ്യവഹാര രൂപങ്ങൾ (ഉല്പന്നങ്ങൾ) സി.പി.ടി.എയിൽ ചർച്ച ചെയ്യാം. നാടക അവതരണം. കഥപറയൽ. |

**പ്രവർത്തനങ്ങൾ – സൂക്ഷ്മ പ്രക്രിയ**

**1. കഥ വായനയിലേക്ക് (60 മിനിട്ട്)**

- അക്ബർ ചക്രവർത്തിയുടെ കൊട്ടാരം. മന്ത്രി ബീർബൽ സമീപത്തുണ്ട്. രാജാവ് അസ്വസ്ത

നാണ്. അദ്ദേഹം പറഞ്ഞു. “എനിക്ക് വേണ്ടത്ര പാണ്ഡിത്യമില്ല. അറിഞ്ഞുകൂടാത്ത ഒരുപാട് കാര്യങ്ങളുണ്ട്. വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവരെ കൊട്ടാരത്തിൽ വിളിച്ചുവരുത്തണം. നാളെ മുതൽ പഠിക്കാൻ തുടങ്ങണം.” രാജകല്പനയാണ്. തിരുവായ്ക്ക് എതിർവായില്ല.

- ബീർബൽ അടുത്ത ദിവസം മുതൽ തന്നെ രാജാവിന് പഠിക്കാനുള്ള ഏർപ്പാടു ചെയ്തു. എന്ത് ഏർപ്പാടായിരിക്കും ബീർബൽ ചെയ്തിട്ടുണ്ടാവുക? ● കുട്ടികൾ വ്യക്തിഗതമായി അഭിപ്രായം പറയുന്നു. ● ടീച്ചർ ബോർഡിൽ എഴുതുന്നു. ● യഥാർത്ഥത്തിൽ എന്തൊക്കെ സംഭവിച്ചിട്ടുണ്ടാകും? എങ്ങനെ അറിയാം? പാഠപുസ്തകവായനയിലേക്ക്. ● വ്യക്തിഗതമായി വായിക്കുന്നു. (10 മിനിട്ട്) ● ബീർബൽ എങ്ങനെയാണ് പഠിക്കാനുള്ള ഏർപ്പാട് ചെയ്തത്? കണ്ടെത്തൽ കുട്ടികൾ പറയുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു. നേരത്തെ പറഞ്ഞ അഭിപ്രായവുമായി തട്ടിച്ചു നോക്കുന്നു. ● ശരി, എല്ലാവർക്കും വായിച്ച് ആശയം മനസ്സിലാക്കാൻ കഴിഞ്ഞോ?
- എന്തുകൊണ്ടാണ് കഴിയാതെ വരുന്നത്? (അർത്ഥമറിയില്ല, വായിച്ച് ആശയം ഗ്രഹിക്കാൻ കഴിയുന്നില്ല..) ● എല്ലാവർക്കും മനസ്സിലാക്കേണ്ടേ? എങ്ങനെ മനസ്സിലാക്കാം? ● വീണ്ടും വായന
- അറിയുന്നത് (✓) അറിയാത്തത് (✗) ഇഷ്ടപ്പെട്ടത് (-) അടയാളപ്പെടുത്തുന്നു. ● മൂന്നംഗഗ്രൂപ്പിൽ ഇഷ്ടപ്പെട്ടത്, അറിയുന്നത്, അറിയാത്തത് ഓരോരുത്തരും അവതരിപ്പിക്കുന്നു. തുടർന്ന് ഗ്രൂപ്പുകളുടെ അവതരണം. ● മറ്റു ഗ്രൂപ്പുകൾ പ്രതികരിക്കുന്നു. ടീച്ചർ ഇടപെട്ട് മെച്ചപ്പെടുത്തുന്നു. പദങ്ങളുടെ അർത്ഥം നോട്ടുബുക്കിലേക്ക് എല്ലാവരും എഴുതി എന്നുറപ്പാക്കുന്നു.

**പ്രതികരണ പേജിലേക്ക്**

- വ്യക്തിഗതമായും ഗ്രൂപ്പിലും അച്ചടക്കത്തോടെ സമയബന്ധിതമായി പ്രവർത്തിക്കുന്നുണ്ടോ? തിരിച്ചറിവുകൾ എന്തെല്ലാം?

**2. ആശയഗ്രഹണ ചോദ്യങ്ങൾ (30)**

- കഥ കുട്ടികൾ മനസ്സിലാക്കിയോ എന്നറിയാനായി ടീച്ചർ ചോദ്യ ചാർട്ട് പ്രദർശിപ്പിക്കുന്നു. കുട്ടികൾ ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. ● എന്തായിരുന്നു ചക്രവർത്തിയുടെ ആവശ്യം? ● ഇതിനായി ബീർബെൽ ചെയ്തതെന്ത്? ● വൃദ്ധ അക്ബർ ചക്രവർത്തിയോട് പറഞ്ഞതെന്ത്? ● വ്യക്തിഗതമായി എഴുതുന്നു (നോട്ട് ബുക്ക്) ഗ്രൂപ്പിൽ വായിച്ചവതരണം പൊതുഅവതരണം - ടീച്ചറുടെ ക്രോഡീകരണം. തുടർന്ന് ആവശ്യമെങ്കിൽ കുട്ടികൾ ചോദ്യങ്ങളുണ്ടാക്കി ചോദ്യോത്തര പയറ്റ് ഗ്രൂപ്പുതല മത്സരമായി നടത്താം.

**പ്രതികരണ പേജിലേക്ക്**

വായിച്ച് ആശയം മനസ്സിലാക്കുന്നതിൽ പുരോഗതിയുണ്ടോ? ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തി എഴുതാൻ കഴിഞ്ഞോ? ഞാനിനിയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ?

**3. വിശകലന ചോദ്യങ്ങൾ**

- കഥയുടെ ആശയം എല്ലാ കുട്ടികൾക്കും മനസ്സിലായി. ഇനി ആഴത്തിലുള്ള വായന ലക്ഷ്യമിടുന്ന പ്രവർത്തനമാണ്. ടീച്ചർ വിശകലന ചോദ്യങ്ങളുടെ ചാർട്ട് പ്രദർശിപ്പിക്കുന്നു.

1. ചക്രവർത്തിയെ ബീർബൽ ബോധ്യപ്പെടുത്തിയ പാഠം എന്ത്? 2. ബീർബലിന്റെ പ്രവൃത്തിയെ നിങ്ങൾ അംഗീകരിക്കുന്നുണ്ടോ? എന്തുകൊണ്ട്.? 3. എല്ലാവരും അധ്യാപകരും അതേ സമയം വിദ്യാർത്ഥിയുമാണ് എന്ന ബീർബൽ പറയുന്നു. ഇതു ശരിയാണോ? എന്തുകൊണ്ട്?
4. ബീർബൽ ഭാഗ്യവാനാണെന്ന് ചക്രവർത്തി പറഞ്ഞതിന്റെ പൊരുളെന്ത്? കുട്ടികൾ വ്യക്തിഗതമായി ഉത്തരമെഴുതുന്നു.

- മൂന്നംഗ ഗ്രൂപ്പിൽ ഓരോരുത്തരും വായിച്ചവതരിപ്പിക്കുന്നു. ● ഒരു ചോദ്യത്തിന്റെ ഉത്തരവും എല്ലാവരും വായിച്ച് ചർച്ച ചെയ്ത ശേഷം വേണം അടുത്ത ചോദ്യം എടുക്കാൻ. ● ഗ്രൂപ്പുകൾ എത്തിച്ചേർന്ന ധാരണകൾ എല്ലാവരും സ്വന്തം നോട്ട്ബുക്കിൽ എഴുതുന്നു. ● പൊതു അവതരണം - ചർച്ച - ഓരോ ചോദ്യങ്ങൾക്കും ഉള്ള ഉത്തരം കുട്ടികൾ അവതരിപ്പിച്ചു കഴിഞ്ഞാൽ അതിന്റെ ടീച്ചർ വേർഷനും അവതരിപ്പിച്ച് വ്യക്തത വരുത്തണം. ● പൊതു അവതരണത്തിനു ശേഷം പുതിയ ആശയങ്ങൾ കൂട്ടിച്ചേർക്കുന്നു.

**ടീച്ചറുടെ രചന**

1. പണ്ഡിതർ എന്നറിയപ്പെടുന്നവരിൽ നിന്നു മാത്രമല്ല നമുക്ക് പഠിക്കാനുള്ളത്. എല്ലാവർക്കും അവരുടെ പ്രവർത്തന മേഖലയിൽ കഴിവുകളുണ്ട്. അതുകൊണ്ട് എല്ലാവർക്കും അധ്യാപകരാകാൻ കഴിയും. 2. അംഗീകരിക്കുന്നുണ്ട്. അനേകം വാചകങ്ങളിലൂടെ പറഞ്ഞാലും ബോധ്യപ്പെടാൻ പ്രയാസമുള്ള ഒരു ആശയം അനുയോജ്യമായ ഒരു സന്ദർഭമൊരുക്കി ചക്രവർത്തിയെ ബോധ്യപ്പെടുത്താൻ ബീർബലിനു കഴിഞ്ഞു. 3. ആരെല്ലെൻ ഗുരുനാഥൻ, ആരെല്ലൻ ഗുരുനാഥൻ പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ? എന്ന കവി വാക്യം ഇവിടെ പ്രസക്തമാണ്. പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളും നമ്മെ പഠിപ്പിക്കുന്നുണ്ട്. അതുപോലെ നാമങ്ങോട്ടും ഈ സത്യം

നാം തിരിച്ചറിയുമ്പോൾ നമ്മുടെ അഹങ്കാരം ഇല്ലാതാകും. സമഭാവന വളരും. വിദ്വേഷത്തിന് സ്ഥാനമില്ലാതാകും. ഈ വലിയ സത്യമാണ് ബീർബൽ ചക്രവർത്തിയെ ബോധ്യപ്പെടുത്തിയത്.

4. ബീർബലിന്റെ വൃദ്ധയായ അധ്യാപികയുടെ വാക്കുകൾ അക്ബർ ചക്രവർത്തിയിൽ തിരിച്ചറിവു ണ്ടാക്കി. ചക്രവർത്തിക്കുപോലും അറിവിന്റെ വെളിച്ചം പകരാൻ കെല്പുള്ള അധ്യാപികയെ കുഞ്ഞു നാളിൽ ഗുരുനാഥയായി ലഭിച്ച ബിർബൽ ഭാഗ്യാവാൻതന്നെ. ബീർബലിന് തന്റെ ജീവിതത്തിൽ ഉന്നതസ്ഥാനങ്ങളിലെത്താൻ ഈ ശിക്ഷണം സഹായിച്ചു എന്നും സൂചനയുണ്ട്.
    - ചാർട്ടിലെഴുതി പ്രദർശിപ്പിക്കുന്നു. വായനാസാമഗ്രിയായും നൽകാം.

**പ്രതികരണ പേജിലേക്ക്**

- ആഴത്തിലുള്ള വായനക്ക് സഹായകമായ ചർച്ചകളിലെ പങ്കാളിത്തം എങ്ങനെ നോട്ട്ബുക്കിൽ എല്ലാവരും എഴുതും.

**4. ഭാവാത്മകവായന**

- വായന ശ്രദ്ധിക്കാൻ കുട്ടികളോട് ആവശ്യപ്പെടുന്നു ടീച്ചർ പാഠത്തിന്റെ ആദ്യപേജ് വളരെ മികച്ച നിലയിൽ ഭാവാത്മകമായി വായിക്കുന്നു. പിന്നീട് ചിഹ്നവും ഭാവവും പരിഗണിക്കാതെ വായിക്കു ന്നു. ● ഇതിൽ ഏതു വായനയാണ് നിങ്ങൾക്കിഷ്ടമായത്. എന്തുകൊണ്ട്? ● കുട്ടികൾ പ്രതിക രിക്കുന്നു. ടീച്ചർ ബോർഡിൽ എഴുതുന്നു.

**ഒന്നാം വായന**

- ശ്രദ്ധിക്കാൻ തോന്നി ● നല്ല ഭാവം ഉണ്ടായിരുന്നു. ● കഥ കുറേക്കൂടി മനസ്സിലായി ● കേൾക്കു വാൻ ഇമ്പമുണ്ടായിരുന്നു. ● രാജാവിന്റെ ദേഷ്യം, ബീർബലിന്റെ ശാന്തമായ പ്രതികരണം എന്നിവ ബോധ്യമായി.

**രണ്ടാംവായന**


- ഒന്നാംവായനയാണ് മികച്ചത്. ഈ ഗുണങ്ങൾ നമ്മുടെ വായനയിൽ വേണം. ● എങ്കിൽ മൂന്നം ഗ ഗ്രൂപ്പിൽ ഓരോരുത്തരും ഇങ്ങനെ ഭാവം ഉൾക്കൊണ്ട് വായിക്കുക. മറ്റു രണ്ടുപേർ സൂചകം വെച്ച് വിലയിരുത്തുക. മികച്ച ഗ്രൂപ്പുകളുടെ വായന ടീച്ചറുടെ ഭാവാത്മകവായന - തുടർന്ന ജോഡി വായന.
- കേൾക്കുവാൻ രസമില്ല ● ഭാവമില്ല ● ഉയർച്ചതാഴ്ചയില്ല ● എല്ലാവരും ഒരു പോലെ തോന്നി

**പ്രതികരണ പേജിലേക്ക്**

വായന ഭാവാത്മകമായിരുന്നോ? എല്ലാവരും പങ്കെടുത്തോ?

**5. എന്തൊക്കെ പഠിപ്പിക്കും?**

- അക്ബർ ചക്രവർത്തിയുടെ ആവശ്യപ്രകാരം ആരൊക്കെയായിരിക്കും അവിടെ എത്തിയത്?
- പ്രതികരണം ബോർഡിൽ രേഖപ്പെടുത്തുന്നു. ● ഇതിൽ കൃഷിക്കാരനായ ഒരാൾക്ക് എന്തൊക്കെ കാര്യങ്ങളായിരിക്കും ചക്രവർത്തിയെ പഠിപ്പിക്കാ നാവുക? വ്യക്തിഗതമായി രേഖപ്പെടുത്തുന്നു. അവതരണം മെച്ചപ്പെടു ത്തൽ. തുടർന്ന് കുട്ടികളെ ഗ്രൂപ്പാക്കുന്നു. അവതരണം മെച്ചപ്പെടുത്തൽ വർക്ക്ഷീറ്റ് 4113 നൽകുന്നു. വ്യക്തിഗതമായി പൂരിപ്പിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് രേഖപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച. മെച്ചപ്പെടു ത്തൽ. വർക്ക്ഷീറ്റ് വിലയിരുത്തൽ.



**പ്രതികരണപേജിലേക്ക്**

- വർക്ക്ഷീറ്റ് കൃത്യമായി ചെയ്യാൻ സാധിച്ചുവോ? ● എല്ലാ കുട്ടികളും മെച്ച പ്പെടുത്തി എഴുതിയോ?
- വർക്ക്ഷീറ്റ് ടീച്ചർ വിലയിരുത്തിയപ്പോൾ ഉണ്ടായ തിരിച്ചറിവ്.

**6. വായിക്കാം എഴുതാം.**

- അക്ബർ ചക്രവർത്തിയും ബീർബലും തമ്മിലുള്ള രസകരമായ സംഭവ ങ്ങളുടെ കുറെ കഥകൾ വായിച്ചുവല്ലോ. ഇനി മറ്റൊരു കഥ 'സ്വപ്നത്തിലെ കടം' എന്ന കഥ വായിക്കാൻ നൽകുന്നു (4172). കുട്ടികൾ വായിക്കുന്നു. കഥ - ചർച്ച ● ഇനി ഒരു വായനാക്കുറിപ്പ് തയ്യാറാക്കിയാലോ.
- ഒരു വായനാക്കുറിപ്പിൽ എന്തൊക്കെ ഉൾപ്പെടുത്താം. ചർച്ച
- കഥയുടെ പേര് - എഴുത്തുകാരന്റെ പേര് - ആശയം - ഇഷ്ടപ്പെട്ട ഭാഗം - കഥാപാത്രങ്ങളെക്കുറിച്ച് - സ്വന്തം നിരീക്ഷണങ്ങൾ.
- തുടർന്ന് വ്യക്തിഗതമായി രചന നിർവ്വഹിക്കുന്നു. ഗ്രൂപ്പിൽ ചർച്ച ചെയ്ത് മെച്ചപ്പെടുത്തുന്നു. ഗ്രൂപ്പിന്റെ അവതരണം - ചർച്ച



- ടീച്ചർ വേർഷൻ അവതരണം - (വായനയുടെ വഴിയിലൂടെ) 4174
- ടീച്ചർ വേർഷനുമായി താരതമ്യം - ചർച്ച - എഡിറ്റിംഗ് പോർട്ട് ഫോളിയോയിലേക്ക്.



**പ്രതികരണ പേജിലേക്ക്**

● മികച്ച നിലവാരം പുലർത്തിയ രചനകൾ എത്ര ശതമാനം? മികവുകൾ എന്തെല്ലാം? ● ശരാശരി പിന്നാക്കം നിൽക്കുന്ന കുട്ടികളിൽ പുരോഗതി യുള്ള പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ എന്തെല്ലാം?

**7. നാടകമാക്കാം അഭിനയിക്കാം.**

● ആരും പഠിപ്പിക്കും എന്ന പാഠഭാഗം ഏതു വിഭാഗത്തിലാണ് ഉൾപ്പെ ടുക? ● കഥ എന്ന് കുട്ടികൾ പ്രതികരിക്കുന്നു. ● കഥയെ നമുക്ക് വേറെ ഏതെങ്കിലും ഭാഷാ രൂപത്തിലേക്ക് മാറ്റി എഴുതാമോ? ● കവിത, നാടകം, കഥാപ്രസംഗം എന്നിങ്ങനെ പ്രതികരണം ബോർഡിൽ രേഖപ്പെടുത്തുന്നു. ● കഥാപാത്രങ്ങളും ധാരാളം സംഭാഷണ സാധ്യതയുമുള്ള ഈ കഥ ഏതു രൂപത്തിലാകുന്നതായിരിക്കും ഏറ്റവും ഉചിതം. ● എങ്കിൽ നാടകത്തിലേക്ക് ഈ കഥ മാറ്റുമ്പോൾ നാം എന്തൊക്കെ ശ്രദ്ധിക്കണം? ● ചർച്ച ചെയ്ത് സൂചകങ്ങൾ നിർമ്മിക്കുന്നു. ● നാടകത്തിന്റെ പശ്ചാത്തലം / രംഗങ്ങൾ ● കഥാപാത്രങ്ങൾ ● സംഭാഷണങ്ങൾ / അനുയോജ്യമായ ഭാഷ ● തുടർന്ന വ്യക്തിഗത രചന, ഗ്രൂപ്പിൽ മെച്ചപ്പെടുത്തൽ, ഗ്രൂപ്പിന്റെ അവത രണം, ചർച്ച - മെച്ചപ്പെടുത്തുന്നു. ടീച്ചറുടെ അവതരണം മെച്ചപ്പെടുത്തി എഴുതിയത് അവതരണത്തിന് തയ്യാറാക്കുന്നു. റിഹേഴ്സൽ ആവശ്യമായ സാധനങ്ങൾ കുട്ടികൾ തന്നെ (കഴിവതും) ഉണ്ടാക്കാൻ ശ്രമിക്കട്ടെ (ഗൃഹ പാഠം) അധ്യാപകരുടെ സഹായം ആവശ്യമെങ്കിൽ നൽകണം. ● സർഗവേ ളയിൽ, സി.പി.ടി.എയിൽ നാടക അവതരണം നടക്കുന്നു. ● ഒരു ഗ്രൂപ്പ്, അവതരിപ്പിക്കുമ്പോൾ മറ്റു ഗ്രൂപ്പുകൾ വിലയിരുത്തുന്നു. (സി.പി.ടി.എ. എയിൽ അവതരണം മികച്ച ഒന്ന് പക്ഷെ എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്ക ണം)



## വിലയിരുത്തൽ ഫോർമാറ്റ്

| സൂചകം ▼ / സ്കോർ ► | 5 | 4 | 3 | 2 | 1 |
|---|---|---|---|---|---|
| അനുയോജ്യമായ സംഭാഷണം | | | | | |
| അഭിനയം | | | | | |
| അനുയോജ്യമായ വേഷം | | | | | |
| രംഗസജ്ജീകരണങ്ങൾ | | | | | |
| പശ്ചാത്തലം | | | | | |
| രംഗചലനം | | | | | |
| തുടക്കം, വളർച്ച, ഒടുക്കം | | | | | |

**പ്രതികരണ പേജിലേക്ക്**

- നാടകം എന്ന വ്യവഹാര രൂപം കുട്ടികൾ എഴുതി അവതരിപ്പിച്ചപ്പോൾ തനിക്കുണ്ടായ തിരിച്ചറിവ് എന്ത്?

**8. വാക്യങ്ങൾ കണ്ടെത്താം**

- ആരു പഠിപ്പിക്കും എന്ന പാഠഭാഗത്തെ ആദ്യഖണ്ഡിക എഴുതിയ ചാർട്ട് പ്രദർശിപ്പിക്കുന്നു. (എ ല്ലാചിഹനങ്ങളും മാറ്റിയ ശേഷമാണ് എഴുതുന്നത്)
- കുട്ടികളോട് ചാർട്ട് വായിക്കാനാവശ്യപ്പെടുന്നു. വ്യക്തിഗതമായി വായന നടക്കുന്നു. എന്തെങ്കിലും പ്രത്യേകതകൾ കാണുന്നുണ്ടോ? ചിഹനങ്ങളുടെ അഭാവം കുട്ടികൾ കണ്ടെത്തുന്നു. തുടർന്ന്, അവർക്ക് പഠിക്കാനില്ലാത്ത ഒരു ഭാഗം ചാർട്ടിലെഴുതുന്നു. വായിക്കാൻ ആവശ്യപ്പെടുന്നു.

വ്യക്തിഗത വായനയ്ക്കുശേഷം ആശയം ചോദിക്കുന്നു.

- എന്താണ് ഇവിടെ ഉദ്ദേശിക്കുന്നത്? ● ചിഹ്നനത്തിന്റെ അഭാവം കുട്ടികൾ ചൂണ്ടിക്കാട്ടുന്നു
- ചിഹ്നനങ്ങളില്ലാത്തതിനാൽ വേണ്ടപോലെ മനസ്സിലാക്കാൻ കഴിയില്ല - പ്രതികരണം.
- വാക്യത്തിന് അർത്ഥപൂർണത വരുത്താനാണ് ചിഹ്നനങ്ങൾ ഉപയോഗിക്കുന്നത്.
- തുടർന്ന് തന്നിട്ടുള്ള ചിഹ്നനം (!?) ചേർന്നുവരുന്ന വാക്യങ്ങൾ പാഠത്തിൽ നിന്നും കുട്ടികൾ കണ്ടെത്തിഎഴുതട്ടെ. ● ചിഹ്നനങ്ങൾ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് ഊഹിച്ചു പറയാൻ ആവശ്യപ്പെടുന്നു. ● പരിചയമുള്ള ചിഹ്നനങ്ങൾ പറയുന്നു. അടയാളം കാണിക്കുന്നു. ● സാധാരണ ഉപയോഗത്തിലുള്ള ചിഹ്നനങ്ങളെ അധ്യാപിക പരിചയപ്പെടുത്തുന്നു. ● ഉപയോഗ സന്ദർഭം ഉദാഹരണ സഹിതം വിശദീകരിക്കുന്നു.

**പ്രതികരണ പേജിലേക്ക്**

- കുട്ടികളുടെ പങ്കാളിത്തം - പുതിയ രചനയിൽ ചിഹ്നനം കൃത്യമായോ?

**9. വിളംബരം തയ്യാറാക്കാം.**

- സ്കൂളിലെ പി.ടി.എ. മീറ്റിംഗ് രക്ഷിതാക്കളെ അറിയിക്കുന്നത് ഏത് വിധത്തിലാണ്? ● പ്രതികരണം ബോർഡിൽ എഴുതുന്നു. (നോട്ടീസ്) ● ഇതുപോലെ ജനങ്ങളെ വിവരമറിയിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് ഇന്ന് നിലവിലുള്ളത്? ● പോസ്റ്റർ, മൈക്ക് കെട്ടിയുള്ള പ്രചാരണം, പത്രം, ടി.വി. റേഡിയോ എന്നിങ്ങനെ പ്രതികരണം ബോർഡിൽ എഴുതുന്നു.
- ഇത്തരം അച്ചടി മാധ്യമങ്ങളോ ദൃശ്യമാധ്യമങ്ങളോ ഇല്ലാതിരുന്ന കാലത്ത് രാജഭരണകാലത്ത് - രാജാവിന്റെ കൽപ്പനകൾ പ്രജകളെ അറിയിക്കുന്നതിന് ഏതു മാർഗമായിരുന്നു സ്വീകരിച്ചിരുന്നത്? (വിളംബരം അവർ ഇംഗ്ലീഷിലെ ആദ്യത്തെ യൂണിറ്റിൽ മനസ്സിലാക്കിയിട്ടുണ്ട്. വേണമെങ്കിൽ അധ്യാപികയ്ക്ക് ആ പദം പറഞ്ഞു കൊടുക്കാം.) ● ഓരോ വ്യവഹാര രൂപത്തിനും ഓരോ ഘടനയുണ്ട്. കത്ത് പോലെയല്ല നോട്ടീസ്, അതുപോലെയല്ല പോസ്റ്റർ. എങ്കിൽ വിളംബരം തയ്യാറാക്കുമ്പോൾ എന്തൊക്കെ കാര്യങ്ങൾ ശ്രദ്ധിക്കണം? ചർച്ച ● പ്രതികരണം ബോർഡിൽ എഴുതുന്നു. ക്രോഡീകരണം
- കൽപ്പനയുടെ ഭാഷ, ഉച്ചത്തിൽ വിളിച്ചുപറയൽ, ശ്രദ്ധ ആകർഷിക്കാൻ ഉണ്ടാക്കുന്ന ശബ്ദങ്ങൾ മുതലായവ. ഇതിനു ശേഷം പാഠത്തിൽ നൽകിയിട്ടുള്ള പ്രവർത്തനത്തെ വിളംബരമാക്കി മാറ്റാൻ നിർദ്ദേശിക്കുന്നു. ● രണ്ടുപേർ ചേർന്ന ഗ്രൂപ്പിൽ വിളംബരം തയ്യാറാക്കുന്നു. ● തയ്യാറാക്കിയ വിളംബരം രണ്ടുപേർ ചേർന്നുതന്നെ അവതരിപ്പിക്കുന്നു.

**ടീച്ചർ വേർഷൻ**

**ഡും... ഡും.. ഡും...**
**മാന്യമഹാജനങ്ങളേ... ഡും.. ഡും... ഡും.**
**രാജാധിരാജൻ അക്ബർ ചക്രവർത്തി തിരുമനസ്സ് അറിയിക്കുന്നത്. എന്തെന്നാൽ വിവിധ മേഖലകളിൽ പാണ്ഡിത്യമുള്ളവർ നാളെ രാവിലെ കൃത്യം 10 മണിക്ക് മുമ്പായി കൊട്ടാര അങ്കണത്തിൽ എത്തിച്ചേരണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു... ഡും... ഡും... ഡും..**

**10. എഡിറ്റിംഗ്**

എഡിറ്റിംഗിനായി ഒരു ഗ്രൂപ്പിന്റെ പ്രവർത്തനം തെരഞ്ഞെടുക്കുന്നു.
ആശയംപരം, വാക്യഘടനാപരം, പദം, അക്ഷരം, വ്യവഹാര രൂപം, മെച്ചപ്പെടുത്തി എഴുതുന്നു. പോർട്ടുഫോളിയോയിലേക്ക്

**പ്രതികരണ പേജിലേക്ക്**

പുതിയ വ്യവഹാര രൂപം കുട്ടികൾ എങ്ങനെ പ്രതികരിച്ചു? ഞാൻ നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം? എങ്ങനെ പരിഹരിച്ചു?

**11. വായിക്കാം കണ്ടെത്താം.**

പാഠപുസ്തകത്തിലെ പ്രവർത്തനം കുട്ടികൾ വായിക്കുന്നു. വ്യക്തിഗതമായി പ്രവർത്തനം ഏറ്റെടുക്കുന്നു. ആവശ്യമെങ്കിൽ പാഠഭാഗം വീണ്ടും വായിക്കുന്നു. അടിവരയിട്ട വാക്കുകൾ സൂചിപ്പിക്കുന്നത് ആരെയൊക്കെയാണെന്ന് പാഠപുസ്തകത്തിൽ കണ്ടെത്തി എഴുതുന്നു. വ്യക്തിഗത അവതരണം. തുടർന്ന് ഓരോ വാക്യവും ആര്, ആരോട്, ആരെക്കുറിച്ച് പറയുന്നു എന്ന് കണ്ടെത്തി എഴുതുന്നു. വ്യക്തിഗതമായി രേഖപ്പെടുത്തൽ - അവതരണം - ചർച്ച

**പ്രതികരണ പേജിലേക്ക്**


എല്ലാവർക്കും ചെയ്യാൻ സാധിച്ചുവോ? നേരിട്ട പ്രയാസങ്ങൾ എന്തെല്ലാം?

**12. താരതമ്യം ചെയ്യാം**

**എന്റെ വിദ്യാലയം**


തിങ്കളും താരങ്ങളും തൂവെള്ളിക്കതിർ ചിന്നും
തുംഗമാം വാനിൻ ചോട്ടിലാണെന്റെ വിദ്യാലയം
ഇന്നലെ കണ്ണീർ വാർത്തു കരഞ്ഞീടിന വാന-
മിന്നിതാ ചിരിക്കുന്നു, പാലൊളി ചിതറുന്നു.
മുൾച്ചെടിത്തലപ്പിലും പുഞ്ചിരി വിരിയാറു-
ണ്ടച്ചെറു പൂന്തോപ്പിലെ പനിനീരുരയ്ക്കുന്നു.
മധുവിൻ മത്താൽ പാറി മൂളുന്നു മധുപങ്ങൾ
മധുരമിജ്ജീവിതം ചെറുതാണെന്നാകിലും
ആരെല്ലെൻ ഗുരുനാഥരാരെല്ലെൻ ഗുരുനാഥർ
പാരിതിലിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടെന്തോ?

-ഒളപ്പമണ്ണ



ഒളപ്പമണ്ണയുടെ കവിത ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു. വായന വ്യക്തിഗതമായി നടത്തുന്നു. ആശയം ചർച്ച ചെയ്യുന്നു. ആരുപഠിപ്പിക്കും എന്ന കഥയുമായി ഈ കവിതയ്ക്ക് ആശയപരമായി എന്തെങ്കിലും ബന്ധമുണ്ടോ? വ്യക്തിഗത അഭിപ്രായ പ്രകടനം. ചർച്ച

ഈ ഭൂമിയിൽ എന്നെ പഠിപ്പിക്കാത്തവരായി ആരെങ്കിലുമുണ്ടോ എന്ന കവിതയുടെ ചോദ്യം കുട്ടികളെ ബോധ്യപ്പെടുത്തുന്നു. വർക്ക്ഷീറ്റ് 4114 നൽകുന്നു. തുടർന്ന് ആരു പഠിപ്പിക്കും എന്ന കഥയുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നു. വ്യക്തിഗതരചന, ഗ്രൂപ്പിൽ അവതരണം മെച്ചപ്പെടുത്തൽ, ഗ്രൂപ്പിന്റെ അവതരണം



**ടീച്ചർ വേർഷൻ അവതരണം**

ആശയപരമായി ഇങ്ങനെ ഒരേ പോലുള്ള കഥയും കവിതകളും അപൂർവ്വ മാണ്. ഇവിടെയാവട്ടെ ഈ കവിത ആശയംകൊണ്ട് കഥയ്ക്കു തുല്യമാ യിത്തന്നെ നിൽക്കുന്നു.

**പ്രതികരണ പേജിലേക്ക്**

താരതമ്യപഠനം എത്ര പേർ ചെയ്തു? ആശയങ്ങളുടെ സമാനത തിരിച്ച റിഞ്ഞോ? കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാം?

**13. എഡിറ്റിംഗ്**

വിശകലനാത്മക ചോദ്യത്തിലൂടെ എഡിറ്റിംഗ് നടത്തുന്നു.

***ആശയം***

- രണ്ട് വ്യവഹാര രൂപങ്ങളിലെയും ആശയം ഉൾപ്പെട്ടിട്ടുണ്ടോ?
- ആശയങ്ങളുമായി ബന്ധമില്ലാത്ത വാക്യങ്ങളുണ്ടോ? ● ഇനിയും കൂട്ടിച്ചേർക്കാവുന്ന കാര്യങ്ങൾ, ഒഴിവാക്കേണ്ടവ എന്നിവ ഏതൊക്കെ?

**വാക്യഘടന**

● വാക്കുകൾ ക്രമം തെറ്റി എഴുതിയിട്ടുണ്ടോ? ● വാക്കുകൾ വിട്ടുപോയിട്ടുണ്ടോ? ● ആവശ്യമി ല്ലാത്ത വാക്കുകൾ ചേർന്നിട്ടുണ്ടോ?

**പദം**

- അനുയോജ്യമായ പദങ്ങളാണോ? അർത്ഥവ്യത്യാസം വരുന്ന പദങ്ങളുണ്ടോ?

**അക്ഷരം**

● അക്ഷരം, പദം, വാക്യം എന്നിവ നിശ്ചിത അകലം പാലിച്ച് എഴുതിയിട്ടുണ്ടോ? ● അ ക്ഷ ര ം, ചിഹ്നം എന്നിവ ശരിയായ രൂപത്തിൽ എഴുതിയിട്ടുണ്ടോ?

**വ്യവഹാര രൂപം**

● കഥയും കവിതയുമായി ബന്ധപ്പെട്ട ആശയം എഴുതിയിട്ടുണ്ടോ? ●കഥയും കവിതയും താര തമ്യം ചെയ്തിട്ടുണ്ടോ? ● സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ?

**പ്രതികരണ പേജിലേക്ക്**

- എഡിറ്റിംഗിൽ പങ്കാളിത്തം എത്രമാത്രം ● എഡിറ്റിംഗിൽ ഉള്ള പുരോഗതി
- എഡിറ്റ് ചെയ്യുന്നതിന് എന്തെങ്കിലും പ്രയാസമുണ്ടോ?